ശ്രീ. യു. എ. ബീരാൻ : 63 യൂണിറ്റ് ഡിപ്പോകളുണ്ട്. അതിനുപുറമേ 171 ഡിപ്പോകളും 168 മാവേലി സ്റ്റോറുകളും 3 മൊബൈൽ മാവേലി സ്റ്റോറുകളും ഉണ്ട്.

ശ്രീ. രാഘവൻ പൊഴക്കടവിൽ : പുതുതായി ഡിപ്പോകളും തുടങ്ങാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ ?

ശ്രീ. യു. എ. ബീരാൻ : പുതുതായി ഡിപ്പോകളും തുടങ്ങണമെന്ന് പല ബഹുമാനപ്പെട്ട മെമ്പർമാരും ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ ആവശ്യമനുസരിച്ച്, സാമ്പത്തിക സ്ഥിതി പരിഗണിച്ച് അതിനുള്ള അനുവാദം നൽകുന്നതാണ്.

മി. സ്പീക്കർ : ചോദ്യം നമ്പർ 158-ും ഇതേ വിഷയമായതിനാൽ അതിന്റെ, ഉത്തരംകൂടി പറയാവുന്നതാണ്.

സിവിൽ സപ്ലൈസ് കോർപ്പറേഷൻ

* 158 ശ്രീ. എം. വി. രാഘവൻ :
ശ്രീമതി പി. ദേവൂട്ടി :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
,, കെ. മുസ്സക്കുട്ടി :
,, സി. വാസുദേവമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ നിറുത്തലാക്കുന്നതിന് ഗവൺമെന്റ് തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ പൊതുമേഖലയിൽ പകരം സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. യു. എ. ബീരാൻ):

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. എം. വി. രാഘവൻ : സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേനയുള്ള വിതരണ സമ്പ്രദായം പ്രൈവറ്റ് മേഖലക്ക് കൂടുതൽ കൂടുതൽ കൊടുക്കുന്നതും സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ തന്നെ പ്രവർത്തനം നിശ്ചലമാക്കുന്ന സ്ഥിതിയിലായിരിക്കുന്നുവെന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. യു. എ. ബീരാൻ : സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന വിതരണം ചെയ്യുന്ന സാധനങ്ങളും സ്വകാര്യമേഖലയിലേക്ക് വിതരണം ചെയ്യാൻവേണ്ടി നൽകുന്നില്ല.

ശ്രീ. എം. വി. രാഘവൻ : സഹകരണസംഘങ്ങൾക്കുള്ള വിതരണ ഏജൻസികളെ മാറ്റിയിട്ട് സ്വകാര്യമേഖലക്കാണു ഇപ്പോൾ കൊടുത്തുവരുന്നത്. അപ്പോൾ സ്വകാര്യമേഖലയ്ക്ക് നൽകുന്നില്ലായെന്ന് പറയുന്നത് ശരിയാണോ ?

ശ്രീ. യു. എ. ബീരാൻ : ഞാൻ പറഞ്ഞു കഴിഞ്ഞു. സഹകരണസംഘങ്ങളിൽപ്പെട്ടതുമാറ്റി സ്വകാര്യവ്യക്തികൾക്കു നൽകുന്നില്ല. ചില സ്ഥലങ്ങളിൽ പുനർവിഭജനം നടത്തുമ്പോൾ ചില ഷോപ്പുകൾ അവർ നടത്തുന്നതു കൂടി അമാൽഗമേറ്റ് ചെയ്യേണ്ടതായി വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. രാഘവൻ : , സഹകരണസംഘങ്ങൾ നടത്തുന്ന ഷോപ്പുക ളുടെയെല്ലാം വിതരണം സ്വകാര്യവ്യക്തികൾക്കു നൽകുന്നതിനു വേണ്ടി അത് കൃത്രിമമായി വിലകുറയ്ക്കുകയും ദുർബ്ബലമായ മേഖല , സഹകരണ സംഘങ്ങൾക്ക് കൊടുക്കുകയും നല്ല നിലയിൽ നടക്കുന്നത് * സ്വകാര്യ വ്യക്തികൾക്ക് ഏല്പിച്ചുകൊടുക്കുകയും ചെയ്യുന്ന ഒരു നയമല്ലേ ഗവൺ മെൻറ് അംഗീകരിക്കുന്നത് ?

ശ്രീ. യു. എ. ബീരാൻ : അങ്ങനെയൊരു നയം ഗവൺമെൻറ് സ്വീകരി ച്ചിട്ടില്ല.

ശ്രീ. കെ. മൂസ്സക്കുട്ടി : സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന ക്ഷേമാധാന്യവിതരണവും അതിനെത്തുടർന്നുള്ള മാറ്റു നടപടികളും സ്വീക രിക്കുന്നതിനു പകരം ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യയുടെ വിതരണം പോലും സ്വകാര്യവ്യക്തികൾക്ക് കൊടുക്കാനുള്ള നീക്കമാണ് നടക്കുന്നത്. ആ രീതി മാറ്റി അത് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുമോ ? അതിനുവേണ്ടി ഡിപ്പോകൾ തുറക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതിന് മന്ത്രി സൻമനസ്സ് കാണിക്കുമോ ? സ്വകാര്യമേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനു പകരം ഈ സ്ഥാപനത്തെ നന്നാക്കാനും സഹായിക്കാനും വേണ്ടി ഇത്തരം നടപടി കൾ സ്വീകരിക്കാൻ തയ്യാറാകുമോ ?

ശ്രീ. യു. എ. ബീരാൻ : ഇത് രണ്ടും രണ്ടാണ്. സിവിൽ സപ്ലൈസ് കോർപ്പറേഷൻ സംസ്ഥാനഗവൺമെൻറിൻെറ കീഴിലുള്ള ഒരു അർദ്ധ ഗവൺമെൻറു സ്ഥാപനമാണ്. ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ, ഇൻഡ്യാഗവൺമെൻറിൻെറ ഒരു പബ്ലിക് അണ്ടർടേക്കിങ്ങ് സ്ഥാപനമാണ്. എഫ്. സി. ഐ. യുടെ പ്രധാനമായ ചുമതല സ്റ്റേറ്റുകൾക്ക് കേന്ദ്രം നൽകുന്ന ക്ഷേമാധാന്യം വിതരണം ചെയ്യാൻ കൊടുക്കുകയെന്നതു മാത്ര മാണ്. അതിൻെറ വിതരണം അല്ല. ഒരു പ്രത്യേക സാഹചര്യത്തിൽ കേരളത്തിനും ബംഗാളിനും ഡൽഹിക്കും വേണ്ടി ഈ ഏർപ്പാട് എഫ്. സി. ഐ. ഏറ്റെടുത്തു. ഇത് ഞങ്ങളെക്കൊണ്ടാവില്ല, ഇത് സംസ്ഥാന ഗവൺമെൻറിൻെറ ചുമതലയിൽപ്പെട്ടതാണ് അതുകൊണ്ട് അത് സംസ്ഥാന ഗവൺമെൻറുകൾക്കു തന്നെ തിരിച്ചു കൊടുക്കണമെന്നും ഞങ്ങളെ അതിൽ നിന്നും ഒഴിവാക്കണമെന്നും 1980 മുതൽക്കേ എഫ്. സി. ഐ. ആവശ്യപ്പെ ട്ടുകൊണ്ടിരിക്കുകയാണ്. ഈ വിവരം ഈ സഭയിൽ നേരത്തെ അറിയിച്ചിട്ടു ള്ളതാണ് അതനുസരിച്ചുള്ള ബദൽ സംവിധാനത്തിനുള്ള ഏർപ്പാടുകൾ മാത്രമാണ് ഗവൺമെൻറ് ആലോചിച്ചുകൊണ്ടിരിക്കുന്നത്. അത് സിവിൽ സപ്ലൈസ് കോർപ്പറേഷന് നടത്താൻ കഴിയുമെങ്കിൽ അത് പരിശോധിക്കു ന്നതാണ്.

ശ്രീ. കെ. മൂസ്സക്കുട്ടി : 'അത് നടത്താൻ കഴിയുമെങ്കിൽ' എന്നുള്ളതു മാറ്റി ഈ ഡിപ്പോകൾ പൂർണ്ണമായും സ്വകാര്യ വ്യക്തികളിൽ നിന്നും ഒഴിവാക്കി, സിവിൽ സപ്ലൈസ് കോർപ്പറേഷനെക്കൊണ്ട് ഏറ്റെടുത്തു നടത്തിക്കുന്നതിന് ഗവൺമെൻറ് തയ്യാറാകുമോ ?

ശ്രീ. യു. എ. ബീരാൻ : സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഈ സംസ്ഥാനത്ത് വിലനിയന്ത്രണം ഏർപ്പെടുത്തുന്നതിനുവേണ്ടി ഉണ്ടാക്കിയി ട്ടുള്ള ഒരു സ്ഥാപനമാണ്. അതിൻെറ ചുമതലയിൽപ്പെട്ടതല്ല ഈ റേഷൻ വിതരണം. റേഷൻ വിതരണത്തിന് പ്രത്യേക ഏജൻസിയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. വി, താമരാക്ഷൻ : എഫ്. സി. ഐ. നേരിട്ടു നടത്തിക്കൊണ്ടിരിക്കുന്ന റേഷൻ വിതരണം അത് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഏറ്റെടുത്തു നടത്താൻ മുന്നോട്ടുവന്നാൽ അത് വിട്ടുകൊടുക്കുന്നതിന് തയ്യാറാണെന്ന് ബഹുമാനപ്പെട്ട മന്ത്രി ഈ സഭയിൽ പറഞ്ഞു. കഴിഞ്ഞ രണ്ടു മാസത്തിനു മുമ്പ് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടർ ഗവൺമെന്റിന് രേഖാമൂലം എഴുതുകയും പത്രസമ്മേളനത്തിൽ സബ് ഡിപ്പോകളും മുഴുവനും ഏറ്റെടുത്തു വിതരണം ചെയ്യാമെന്ന് അറിയിക്കുകയും ചെയ്ത സാഹചര്യത്തിൽ സ്വകാര്യവ്യക്തികൾക്കു കൊടുക്കാതെ സിവിൽ സപ്ലൈസ് കോർപ്പറേഷനു കൊടുക്കുവാനുള്ള നടപടികൾ സ്വീകരിക്കുവാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. യു. എ. ബീരാൻ : ഏകദേശം രണ്ടുകൊല്ലങ്ങൾക്കു മുമ്പ് ഇതു സംബന്ധിച്ച് തീരുമാനമെടുക്കാൻ ആരംഭിച്ച സന്ദർഭത്തിൽത്തന്നെ സിവിൽ സപ്ലൈസ് കോർപ്പറേഷനോ സഹകരണ സംഘങ്ങൾക്കോ ഇത് ഏറ്റെടുത്തു നടത്തുവാൻ കഴിയുമോ എന്നതിനെപ്പറ്റി ഗവൺമെന്റ് ആലോചിച്ചതാണ്. അന്നെല്ലാം അത് സാദ്ധ്യമല്ല എന്നായിരുന്നു ഈ സ്ഥാപനങ്ങൾ അറിയിച്ചിരുന്നത്. ഇപ്പോൾ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടർ ഒരു നിർദ്ദേശം ഗവൺമെന്റിനു നൽകിയിട്ടുണ്ട്. അതിന്റെ വിശദാംശങ്ങളും പ്രായോഗികതയും പരിശോധിച്ച് റിപ്പോർട്ട് നൽകാൻ വേണ്ടി ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. കെ. ടി. കണാരൻ : സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തനം മന്ദീഭവിപ്പിക്കാൻ ഉദ്ദേശിക്കുന്നില്ലായെന്ന് മന്ത്രി ഇവിടെ പറഞ്ഞു. ഒരു നിയോജകമണ്ഡലത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ രണ്ട് ഡിപ്പോകളെങ്കിലും തുറക്കുക എന്നുള്ള ഒരു നയം ഗവൺമെന്റ് സ്വീകരിക്കുമോ ? അങ്ങനെയാണെങ്കിൽ എന്റെ നിയോജകമണ്ഡലത്തിൽ ഞാൻ ആവശ്യപ്പെട്ടിട്ടുള്ള ഒരു ഡിപ്പോ കൂടി തുറക്കാൻ സന്മനസ്സുണ്ടാകുമോ ?

ശ്രീ. യു. എ. ബീരാൻ : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ എല്ലാ മെമ്പർമാരും ആവശ്യപ്പെടുന്നുണ്ട്. ഒരു നിയോജകമണ്ഡലത്തിൽ രണ്ടെണ്ണം വീതം നൽകാൻ സാദ്ധ്യമല്ല. ആദ്യമായി ഇത് നഗരങ്ങളിൽ മാത്രമാണ് പ്രവർത്തിച്ചിരുന്നത്, പിന്നീട് ജില്ലാതലങ്ങളിലും മുനിസിപ്പൽ കേന്ദ്രങ്ങളിലുമായി വ്യാപിപ്പിച്ചു. പിന്നീട് ഇത് അർദ്ധനഗരങ്ങളിൽ കൂടി വ്യാപിപ്പിച്ചതിന്റെ ഫലമായാണ് ഇപ്പോൾ 168 എണ്ണം ആയിട്ടുള്ളത്. ക്രമേണ വ്യാപിപ്പിക്കുമ്പോൾ ശ്രീമാൻ കണാരന്റെ ആവശ്യവുംകൂടി പരിഗണിക്കുന്നതാണ്.

ശ്രീ. സി. ടി. അഹമ്മദാലി : ജില്ല ആസ്ഥാനമായി കാസർകോഡ് ഒരു സൂപ്പർമാർക്കറ്റ് തുടങ്ങുന്ന കാര്യം പരിഗണിക്കുമോ ?

ശ്രീ. യു. എ. ബീരാൻ : ഇപ്പോൾ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ മൂന്ന് കോർപ്പറേഷനുകളിലാണ് സൂപ്പർ മാർക്കറ്റുകൾ ഉള്ളത്. അത്തരത്തിൽ സൂപ്പർ മാർക്കറ്റുകൾ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലേക്കും വ്യാപിപ്പിക്കണമെന്നുണ്ട്. അങ്ങനെ വ്യാപിപ്പിക്കുമ്പോൾ കാസർകോഡും പരിഗണിക്കുന്നതാണ്.

ശ്രീമതി കെ. ആർ. ഗൗരി : എഫ്. സി. ഐ. നടത്തിക്കൊണ്ടിരിക്കുന്ന റേഷൻ സംഭരിക്കുക, കൊണ്ടുവന്ന് സ്റ്റോക്ക് ചെയ്യുക തുടങ്ങിയ ജോലികൾ സിവിൽ സപ്ലൈസ് കോർപ്പറേഷന് കൊടുക്കുന്നതിനെപ്പറ്റി ആലോച

LIBRARY ARCHIVES Kerala Legislative Assembly

ക്കുമെന്ന് പറഞ്ഞു. ആലോചിക്കുന്നതിനുമുമ്പ് പ്രൈവറ്റ് വ്യക്തികളിൽനിന്നും ഈ ഡിപ്പോകൾ തുറക്കാൻ അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ ? അവർക്ക് കൊടുക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. യു. എ. ബീരാൻ : ഇത് സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റും എഫ്. സി. ഐ.യും കേന്ദ്രഗവൺമെന്റും തമ്മിൽ 1980 മുതൽക്കേ കരസ്പോൺണ്ടൻസ് നടത്തിക്കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ വർഷം അവസാനമായി ഒരു തീരുമാനം എടുത്തപ്പോൾ ഈ ബദൽ സംവിധാനം ഈ നിലയിൽ മാത്രമേ സാദ്ധ്യമാകൂ, ഇപ്പോൾ ബാക്കി സ്ഥലങ്ങളിൽ ഉള്ളതുപോലെമാത്രമേ നടത്താൻ കഴിയൂ എന്നുള്ള നിഗമനത്തിൽ എത്തിയതുകൊണ്ട് അതിനുള്ള ബദൽ സംവിധാനം എന്ന ഏർപ്പാടിനുവേണ്ടി ഈ നിലയിൽ അപേക്ഷ ക്ഷണിച്ചിട്ടുണ്ട്.

ഡോക്ടർ കെ. സി. ജോസഫ് : ബഡ്ജറിലൂടെ ഫ്ളോട്ടിംഗ് മാവേലി സ്റ്റോറുകൾ തുടങ്ങുമെന്ന് രണ്ടുമൂന്ന് കൊല്ലങ്ങൾക്കുമുമ്പ് ഒരു പ്രഖ്യാപനം നടത്തിയിരുന്നു. കുട്ടനാട്ടിൽ ബോട്ടിൽക്കൂടി നടത്തുന്ന ഒരു മാവേലിസ്റ്റോർ തുടങ്ങുമെന്നും പ്രഖ്യാപിച്ചിരുന്നു. അതിന്റെ പ്രവർത്തനം എത്രത്തോളമായി എന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് പറയാൻ കഴിയുമോ ? ഏറ്റവും വേഗം നടപ്പിൽ വരുത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. യു. എ. ബീരാൻ : കുട്ടനാട്ടിൽ ഒരു ഫ്ളോട്ടിംഗ് മാവേലി സ്റ്റോർ തുടങ്ങാൻ നിശ്ചയിച്ചിട്ടുണ്ട്. അതിന് ആവശ്യമായിട്ടുള്ള ബോട്ട് ഇതുവരെ കിട്ടിയില്ല. അത് കിട്ടിയാൽ ഉടനെ ആരംഭിക്കുന്നതാണ്.

മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ

* 153. ശ്രീ. കെ. രാഘവൻ മാസ്റ്റർ :
,, ടി. എച്ച്. മുസ്തഫ :
,, രമേശ് ചെന്നിത്തല :
,, ബെന്നിബഹനാൻ :
,, സിദ്ധാർത്ഥൻ കാട്ടുങ്ങൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ എന്നാണ് നിലവിൽ വന്നത് ;

(ബി) ഫെഡറേഷന്റെ കീഴിൽ എത്ര ഡയറികൾ ഉണ്ട് ;

(സി) അവ ലാഭകരമായിട്ടാണോ പ്രവർത്തിക്കുന്നത് ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ?

കൃഷി വകുപ്പുമന്ത്രി (എ. എൽ. ജേക്കബ്) :

(എ) 21-2-1980-ലാണ് ഫെഡറേഷൻ രജിസ്റ്റർ ചെയ്തതെങ്കിലും 1-4-1983 മുതലാണ് ഡയറി പ്ലാന്റുകൾ ഏറ്റെടുത്ത് പ്രധാന പ്രവർത്തനങ്ങൾ ആരംഭിച്ചത് ,

(ബി) ഏഴ് ഡയറികൾ

(സി) 1984-85 വർഷത്തെ കണക്കനുസരിച്ച് തിരുവനന്തപുരം, കണ്ണൂർ എന്നീ രണ്ട് ഡയറികൾ ലാഭത്തിലും ആലപ്പുഴ, കോട്ടയം, എറണാകുളം, പാലക്കാട് എന്നീ ഡയറികൾ നഷ്ടത്തിലുമാണ് പ്രവർത്തിച്ചത്. കൊല്ലം ഡയറി പ്രവർത്തനമാരംഭിച്ചിട്ട് രണ്ട് മാസമായിട്ടേയുള്ളൂ. ഫെഡറേഷൻ മൊത്തത്തിൽ ലാഭകരമായിട്ടാണ് പ്രവർത്തിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly